"ഭരണഭാഷ-മാതൃഭാഷ"

## പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടറുടെ (ജനറൽ) നടപടി ഉത്തരവ്

(സാന്നിധ്യം : ആർ.എസ് ഷിബു)

വിഷയം : പൊതുവിദ്യാഭ്യാസം - 'സമന്വയ' - ജില്ലാ നോഡൽ ഓഫീസർമാർക്ക് ജില്ലാതലത്തിലെ യൂസർ ക്രിയേഷൻ പോലുള്ള വിഷയങ്ങൾ കൈകാര്യം ചെയ്യാൻ യൂസർ നെയിമും പാസ്‌വേർഡും അനുവദിച്ച് ഉത്തരവാകുന്നു

പരാമർശം : ഈ ഓഫീസിലെ 13-05-2018 ലെ എച്ച്2/21500/2018 ഉത്തരവ്

### ഉത്തരവ് നമ്പർ എച്ച്2/19500/2019/ഡി.ജി.ഇ തീയതി 06-09-2019

2019-20 വർഷം മുതൽ എയ്ഡഡ് സ്കൂളിലെ നിയമനാംഗീകാരവും സർക്കാർ എയ്ഡഡ് സ്കൂളുകളിലെ തസ്തികനിർണയവും കൈകാര്യം ചെയ്യുവാനുള്ള സർക്കാർ തീരുമാനം കാര്യക്ഷമമായി നടത്തുന്നതിലേക്കായി പരാമർശം പ്രകാരം എല്ലാ ജില്ലകളിലും ജില്ലാ നോഡൽ ഓഫീസർമാരെ നിയമിച്ചിരുന്നു. എന്നാൽ ചില സാങ്കേതിക കാരണങ്ങളാൽ ടിയാൾമാർക്ക് ജില്ലാതല അഡ്മിൻ പ്രവർത്തനങ്ങൾ നിർവഹിക്കുവാനുള്ള യൂസർനെയിം അനുവദിക്കുവാൻ സാധിച്ചിരുന്നില്ല. ഇപ്പോൾ ജില്ലാതല അഡ്മിൻ അനുവദിക്കുന്നതിനുള്ള സൗകര്യം 'സമന്വയ'യിൽ ലഭ്യമായിരിക്കുകയാണ്.

മേൽ സാഹചര്യത്തിൽ 'സമന്വയ' സോഫ്റ്റ്‌വെയറിന്റെ ജില്ലാതല പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും യൂസർ മാനേജുമെന്റ് പ്രവർത്തനം നിർവഹിക്കുന്നതിനും എല്ലാ 'സമന്വയ' ജില്ലാ നോഡൽ ഓഫീസർമാർക്കും യൂസർ നെയിമും പാസ്‌വേർഡും ചുവടെ ചേർക്കുന്ന നിബന്ധനകൾക്കു വിധേയമായി അനുവദിച്ച് ഇതിനാൽ ഉത്തരവാകുന്നു.

എല്ലാ നോഡൽ ഓഫീസർമാരുടെയും പെൻ നമ്പറിന്റെ കൂടെ 09 ചേർത്തതാവും അവരുടെ യൂസർ നെയിമും പാസ്‌വേർഡും. പ്രഥമലോഗിനിൽ തന്നെ പാസ്‌വേർഡ് മാറ്റേണ്ടതാണ്.

എല്ലാ ജില്ലയിലെയും യൂസർ മാനേജുമെന്റായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ അതാത് ജില്ലാ നോഡൽ ഓഫീസർമാർ തന്നെ നിർവഹിക്കേണ്ടതാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിന്നും 'ടീം സമന്വയ' ഗ്രൂപ്പിൽ നിന്നും ലഭിക്കുന്ന നിർദേശങ്ങൾക്കനുസൃതമായി ജില്ലാ നോഡൽ ഓഫീസർമാർ അവരുടെ പ്രവർത്തനങ്ങൾ നിർവഹിക്കേണ്ടതാണ്.

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാരും വിദ്യാഭ്യാസ ഓഫീസർമാരും 'സമന്വയ' ഉപയോഗിക്കുമ്പോൾ ഉണ്ടാകുന്ന പ്രശ്നങ്ങൾ റിപ്പോർട്ട് ചെയ്യേണ്ടത് അതാത് ജില്ലാ നോഡൽ ഓഫീസർമാർക്കാണ്. ടി. പ്രശ്നങ്ങൾ ജില്ലാതലത്തിൽ പരിഹരിക്കാൻ സാധിച്ചില്ലെങ്കിൽ മാത്രമേ സംസ്ഥാന നോഡൽ ഓഫീസർമാരുടെ സേവനം തേടേണ്ടതുള്ളൂ.

ആർ.എസ് ഷിബു
പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ)
പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

6/9

സ്വീകർത്താവ് :

1) വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ, കൈറ്റ്, പൂജപ്പുര
2) എല്ലാ 'സമന്വയ' നോഡൽ ഓഫീസർമാരും

പകർപ്പ് :

1) എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2) എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
3) എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും